**LBS CENTRE FOR SCIENCE & TECHNOLOGY**
*(A Government of Kerala Undertaking)*
**Extra Police Road, Nandavanam, Thiruvananthapuram-695 033, Kerala.**
Phone: 2324396, 2324148, 2324364 Fax: 0471-2337055
email:mail@lbscentre.org websites: lbscentre.org/lbskerala.com

Ref:B9/2463/2016 Date :08-09-2017

# സംസ്ഥാനതല പ്രസിദ്ധീകരണത്തിന്

## ഡി.ഫാം, ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ, മറ്റു പാരാമെഡിക്കൽ ഡിപ്ലോമ പ്രവേശനത്തിന് 2017 സെപ്റ്റംബർ 25 വരെ അപേക്ഷിക്കാം

സർക്കാർ/സ്വാശ്രയ സ്ഥാപനങ്ങളിലെയും 2017-18 വർഷത്തെ ഡി.ഫാം, ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ, മറ്റു പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകളിലേയ്ക്കുള്ള ഏകജാലക പ്രവേശനത്തിന് 2017 സെപ്റ്റംബർ 25 വരെ അപേക്ഷിക്കാം. അപേക്ഷാഫീസ് പൊതുവിഭാഗത്തിന് 400/-രൂപ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 200/- രൂപ. www.lbscentre.in എന്ന വെബ്സൈറ്റിൽ വ്യക്തിഗത വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ ലഭിക്കുന്ന ചെല്ലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ കേരളത്തിലെ ശാഖകളിൽ നിർദ്ദിഷ്ട അപേക്ഷാഫീസ് ഒടുക്കുമ്പോൾ അപേക്ഷകർക്ക് ഓൺ ലൈൻ രജിസ്ട്രേഷന് വേണ്ടി അപേക്ഷാ നമ്പരും, ചെല്ലാൻ നമ്പറും ലഭിക്കുന്നതാണ്. പ്രോസ്പെക്ടസ് L.B.S സെന്ററിന്റെ ജില്ലാ ഫെസിലിറ്റേഷൻ കേന്ദ്രങ്ങളിൽ നിന്നും, അപേക്ഷാ ഫീസ് അടച്ചതിന്റെ രസീത് സമർപ്പിച്ചാൽ ലഭിക്കുന്നതാണ്. ഡി.ഫാം, ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ, മറ്റ് പാരാമെഡിക്കൽ ഡിപ്ലോമ എന്നിവയാണ് കോഴ്സുകൾ. ഫിസിക്സ്, കെമിസ്ട്രി, ബയോളജി/മാത്തമെറ്റിക്സ് എന്നിവ പഠിച്ച് പ്ലസ് ടു/വി.എച്ച്.എസ്.സി. പാസായവർക്ക് ഡി.ഫാമിന് അപേക്ഷിക്കാം. ഫിസിക്സ് കെമിസ്ട്രി & ബയോളജിക്കു ആകെ 40% ഏതെങ്കിലും മാർക്കോടെ പ്ലസ് ടു/വി.എച്ച്.എസ്.സി. പാസായവർക്ക് ഹെൽത്ത് ഇൻസ്പെക്ടർ ഡിപ്ലോമ യ്ക്ക് അപേക്ഷിക്കാം. ഇവരുടെ അഭാവത്തിൽ ഏതെങ്കിലും വിഷയങ്ങളുടെ ഗ്രൂപ്പിൽ ആകെ 40% എങ്കിലും മാർക്കോടെ വിജയിച്ചവർക്കും ഈ കോഴ്സിന് അപേക്ഷിക്കാം.

ഫിസിക്സ് കെമസ്ട്രി & ബയോളജിക്കു ആകെ 40% മാർക്കോടെ പ്ലസ് ടു/വി.എച്ച്.എസ്.സി. പാസായവർക്ക് മറ്റ് എല്ലാ പാരാമെഡിക്കൽ കോഴ്സുകൾക്കും അപേക്ഷിക്കാം.

SC/ST അപേക്ഷകർക്ക് ഡി.ഫാമിന് ഒഴികെ 5% മാർക്കിളവിന് അർഹതയുണ്ട്.

VHSE അപേക്ഷകരിൽ മെഡിക്കൽ ലബോറട്ടറി ടെക്നോളജി, മെയിന്റനൻസ് & ഓപ്പറേഷൻ ഓഫ് ബയോമെഡിക്കൽ എക്വിപ്പ്മെന്റ് ഉം ഇസിജി & ഓഡിയോ മെട്രിക് ടെക്നോളജി വിഷയങ്ങളിൽ പാസ്സായവർക്ക് DMLT, DOTT, DCVT എന്നീ കോഴ്സുകൾക്ക് സംവരണ സീറ്റിൽ പ്രവേശന അർഹതയുണ്ട്.

വ്യക്തിഗതവും അക്കാദമികവുമായ വിവരങ്ങളുടേയും ഓപ്ഷനുകളുടെയും ഓൺലൈൻ രജിസ്ട്രേഷനുള്ള സൗകര്യം www.lbscentre.inൽ ലഭിക്കുന്നു. അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് പ്രോസ്പെക്ടസ്സിലെ വിവിധ വ്യവസ്ഥകൾ അപേക്ഷാർത്ഥികൾ വായിച്ചു മനസ്സിലാക്കേണ്ടതാണ്. അപേക്ഷാഫോറം സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം ഡയറക്ടർ, എൽ.ബി.എസ്സ് സെന്റർ ഫോർ സയൻസ്സ് & ടെക്നോളജി, നന്ദാവനം, പാളയം, തിരുവനന്തപുരം-695033 എന്ന വിലാസത്തിൽ 2017 സെപ്റ്റംബർ 28-ാം തീയതിക്കകം ലഭിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് **0471-2560361,62,63,64,65** എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

ഡയറക്ടർ